LIBRARY ARCHIVES Kerala Legislative Assembly

നെൽവയൽ നികത്തുന്നതിനായുള്ള നിയമനിർമ്മാണം

171(1238) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽവയൽ നികത്തുന്നതിനായി എത്ര പ്രാവശ്യം നിയമനിർമ്മാണ പ്രക്രിയ അടക്കം നടപടി സ്വീകരിച്ചിട്ടുണ്ട്; ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം കൊണ്ടുവന്ന ഏതെങ്കിലും ഉത്തരവ് ഈ സർക്കാരുതന്നെ റദ്ദാക്കുകയോ മരവിപ്പിയ്ക്കുകയോ ചെയ്യേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെൽവയൽ നികത്തുന്നതിനായി നിയമ നിർമ്മാണം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

172(1239) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒന്നാം ഘട്ടമായി 36491 ഗുണഭോക്താക്കൾക്ക് പട്ടയം

നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണം കൂടി നടത്തി കഴിഞ്ഞപ്പോൾ ആകെ 43437 പേർക്ക് ഈ പദ്ധതി പ്രകാരം പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാംഘട്ടത്തിൽ പട്ടയം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പട്ടയ വിതരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്തുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്.

ഭൂകമ്പമാപിനികൾ

173(1240) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിന് ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly